# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C - 01/2023

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ പ്രിയരെ,

2023 ഫെബ്രുവരി മാസം 28-ാം തീയതി ചൊവ്വാഴ്ച ബാംഗ്ലൂരിൽ ശ്ലൈഹിക സന്ദർശനത്തിനായി ആഗതനാകുന്ന പരിശുദ്ധ സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിക്ക് ബാംഗ്ലൂർ ഭദ്രാസനം ഭക്തിയാദരവുകളോടെ നൽകുന്ന സ്വീകരണസമ്മേളനത്തിൽ നിങ്ങളേവരും സംബന്ധിക്കണമെന്ന് അറിയിക്കുന്നു. അന്നേദിവസം വൈകുന്നേരം ആറുമണിക്ക് നമ്മുടെ ബാംഗ്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് മഹാ ഇടവകയിൽ സന്ധ്യാനമസ്കാരവും തുടർന്ന് സ്വീകരണസമ്മേളനവും സ്നേഹവിരുന്നും നടക്കും. കത്തോലിക്കാസഭയുടെ ബാംഗ്ലൂർ ആർച്ച് ബിഷപ്പ് പീറ്റർ മച്ചാഡോ പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുന്ന സമ്മേളനത്തിൽ ബാംഗ്ലൂർ ഭദ്രാസനത്തിന്റെ ആദരവുകൾ പരിശുദ്ധ കാതോലിക്കാബാവായ്ക്ക് അർപ്പിക്കും. ഇതുമായി ബന്ധപ്പെട്ട് നമ്മുടെ ഭദ്രാസനത്തിലെ വന്ദ്യ വൈദീകർ, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, മലങ്കര അസ്സോസിയേഷൻ പ്രതിനിധികൾ, ഭദ്രാസന പൊതുയോഗ അംഗങ്ങൾ, ഭദ്രാസന ആത്മീക സംഘടനാ ഭാരവാഹികൾ എന്നിവരുടെ ഒരു ആലോചനായോഗം 2023 ജനുവരി 3-ാം തീയതി Zoom media വഴി നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുകയും നമ്മുടെ ഭദ്രാസന സെക്രട്ടറി വന്ദ്യനായ സ്കറിയാ മാത്യു കത്തനാർ കൺവീനറായും ബാംഗ്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് മഹാ ഇടവക വികാരി ബഹുമാനപ്പെട്ട കോശി തോമസ് കത്തനാർ ജോയിന്റ് കൺവീനറായും, വന്ദ്യ വൈദീകർ വൈസ് പ്രസിഡന്റുമാരായും അത്മായർ കോ-ഓർഡിനേറ്റർമാരായും വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയുമുണ്ടായി. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും വൈദീകരും വിശ്വാസികളും ഫെബ്രുവരി 28-ാം തീയതി വൈകുന്നേരം 5.30നോടുകൂടി ബാംഗ്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് മഹാ ഇടവകയിൽ എത്തി പരിശുദ്ധ പിതാവിനെ സ്വീകരിക്കണമെന്നും സന്ധ്യാനമസ്കാരത്തിലും തുടർന്നുള്ള സമ്മേളനത്തിലും സ്നേഹവിരുന്നിലും സംബന്ധിക്കണമെന്നും അറിയിക്കുന്നു.

വീണ്ടും പ്രിയരെ, പരിശുദ്ധ സഭയുടെ സാമ്പത്തിക ശ്രോതസ്സിൽ പ്രധാനം നാം ഏവരും നൽകുന്ന കാതോലിക്കാനിധിയാണല്ലോ? നമ്മുടെ ഭദ്രാസനത്തിലെ എല്ലാ ഇടവകകളി

*Contd... 2*

ലെയും 2022-2023ലെ കാതോലിക്കാനിധി ഫെബ്രുവരി 20-നു മുമ്പായി ടാർജറ്റിൽ കവിഞ്ഞ തുക ശേഖരിച്ച് പരിശുദ്ധ ബാവാതിരുമേനി ഫെബ്രുവരി 28-ാം തീയതി ബാംഗ്ലൂരിൽ ആഗതനാകുമ്പോൾ അദ്ദേഹത്തെ ഏൽപ്പിക്കത്തക്കവണ്ണം തയ്യാറാകണം. 2023 ഫെബ്രുവരി 28-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്ക് ബാംഗ്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് മഹാ ഇടവകയിൽ വച്ച് നടക്കുന്ന കാതോലിക്കാനിധി ശേഖരണ മീറ്റിംഗിൽ നമ്മുടെ ഇടവകകളിലെ വികാരിമാർ, കൈസ്ഥാനികൾ, സെക്രട്ടറിമാർ എന്നിവർ ചേർന്ന് അതത് ഇടവകകളിലെ കാതോലിക്കാനിധി, പരിശുദ്ധ ബാവാതിരുമനസ്സിനെ ഏൽപ്പിക്കണം. കൂടാതെ നമ്മുടെ ഭദ്രാസനത്തിൽ നിന്നുമുള്ള സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ആത്മീക സംഘടനാ ഭാരവാഹികൾ, ഭദ്രാസന അസംബ്ലി അംഗങ്ങൾ, മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങൾ എന്നിവരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. ഇടവകകളിൽ നിന്നുമുള്ള തുക **Malankara Orthodox Syrian Church** എന്ന പേരിൽ ചെക്കുകളായി നൽകേണ്ടതാണ്.

കർത്താവിൽ അനുഗ്രഹീതരെ, നമ്മുടെ ബാംഗ്ലൂർ റീജിയണിലെ മെൽത്തോ കൺവൻഷൻ 2023 ഫെബ്രുവരി 17, 18, 19 തീയതികളിലും ഹൈദാബാദ് റീജിയണിലെ ലോഗോസ് കൺവൻഷൻ 2023 മാർച്ച് 3, 4, 5 തീയതികളിലും നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ടല്ലോ? ബാംഗ്ലൂർ മെൽത്തോ കൺവൻഷന് ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ സഖറിയാസ് മാർ സേവേറിയോസ് തിരുമേനിയും ഹൈദരാബാദിലെ ലോഗോസ് കൺവൻഷന് ബഹുമാനപ്പെട്ട ജോബ് സാം മാത്യു കത്തനാരും മുഖ്യപ്രഭാഷകരായിരിക്കും. ഈ യോഗങ്ങളിൽ അതത് റീജിയണുകളിലെ എല്ലാ വിശ്വാസികളും സംബന്ധിക്കണമെന്നും അറിയിക്കുന്നു.

*ശേഷം പിന്നാലെ, ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*



**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2023 ജനുവരി മാസം 10-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും